(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/934/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തീയതി:26.09.2018
Ph:04862-227332
E-mail:doidk.ksad@keral.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ഐ.ഡി.കെ-9/934/2018 തീയതി:26.09.2018

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ

## 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.5.2017 മുതൽ 3.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.7.2018 മുതൽ 11.7.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.കെ.മധുസൂദനൻ നായർ,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.യു. സണ്ണി, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജിബി ഇ.വി, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിനുമോൻ കെ. സി, ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ മാത്യൂ ജോർജ്ജ് | 01.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീമതി പി.ടി. ഷൈലജ | 01.4.2017 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ശ്രീന എം | 01.4.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എസ് അജിത് | 01.4.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്,ജി.ടി.എൽ.പി.എസ് കാഞ്ചിയാർ | ശ്രീമതി കാതറിൻ ജമ്മ | 01.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | ഡോ. ധന്യ റ്റി ഗോപാലൻ | 01.4.2017 മുതൽ 4.4.2017 വരെ<br>03.1.2018 മുതൽ 19.2.2018 വരെ |
| | ഡോ. അന ജോർജ് | 04.4.2017 മുതൽ 2.1.2018 വരെ |
| | ഡോ ജിനേഷ് ജെ മേനോൻ | 20.2.2018 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ രാജേഷ് ബി നായർ | 01.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ മണിയമ്മ എസ് ജെ | 01.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ടെസ്സി സബിത | 01.4.2017 മുതൽ 14.6.2017 വരെ |
| | ഡോ. പി അരുൺ പ്രസാദ് | 15.6.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റ്റിന്റുമോൾ ജോസഫ് | 01.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി. അഞ്ജു തോമസ് | 1.4.2018 മുതൽ 30.8.2017 വരെ |
| | ശ്രീമതി കൊച്ചുറാണി സി വി | 1.9.2018 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | ശ്രീ. ആർ ഹരികുമാരൻ പിള്ള | 01.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>



| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| 13 | 2-1 | പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല |
| 14 | 2-2 | നികുതി പിരിവിൽ ഗണ്യമായ പുരോഗതി |
| 15 | 3-1 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭിച്ചില്ല. |
| 16 | 3-2 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല |
| 17 | 3-3 | അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയ്ക്ക് വ്യക്തതയില്ല. |
| 18 | 3-4 | നിർവ്വഹണ യോഗ്യത പരിശോധിക്കാതെ പദ്ധതികൾ ഏറ്റെടുക്കുന്നു. |
| 19 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |

| | | |
|---|---|---|
| 20 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |
| 21 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. |
| 22 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 23 | 4-5 | സ്ഥിരനിക്ഷേപം |
| 24 | 4-6 | ഓഡിറ്റ് റിക്കവറി |
| 25 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 26 | 4-8 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം |
| 27 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 28 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 29 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 30 | അനുബന്ധം-2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| | | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| | | ബാലൻസ് ഷീറ്റ് |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 23.03.2017ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29.12.2017ലെ 12(1)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിർവ്വഹണ

ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങളോ എസ്റ്റിമേറ്റുകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല.

214-ാം വകുപ്പ് 1എ(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളും പഞ്ചായത്ത് രാജ് ആക്ടിലെ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും അടുത്ത വർഷത്തേയ്ക്കുള്ള വരവ്-ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി പഞ്ചായത്തിന് പഞ്ചായത്തിന് മുമ്പാകെ അതിന്റെ പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച പഞ്ചായത്ത് പ്രസിഡന്റിന്റെ ആമുഖ പ്രഖ്യാപനത്തിന് ശേഷം പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1-ബി പ്രകാരം നിർദ്ദേശങ്ങൾ പരിഗണിച്ച് പഞ്ചായത്ത്, ബജറ്റ് എസ്റ്റിമേറ്റ് ഏത് വർഷത്തെ സംബന്ധിച്ചാണോ ആ വർഷം തുടങ്ങുന്നതിന് മുമ്പായി അന്തിമമായി പാസ്സാക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പുള്ള അവസാന ആഴ്ച മാത്രമാണ് അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്.

175-ാം വകുപ്പും സർക്കാർ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി)നം.3291/2016 എൽ.എസ്.ജി.ഡി തീയതി.02.12.2016 പ്രകാരം പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല.

പ്ലാൻ, നോൺ-പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ 29.1.2017 ൽ ജില്ലാ ആസൂത്രണ സമിതി അംഗികരിച്ച വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് സാധിച്ചിട്ടില്ല.

പുതിയ വരുമാന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ചർച്ച ചെയ്യുകയോ ആയത് ബജറ്റ് നിർദേശമായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബജറ്റ് അവതരണവേളയിലും ചർച്ചയിലും നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുക്കുകയോ ആയതിന് അവർക്ക് നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് അംഗീകരിച്ച തീയതി |
|---|---|---|---|
| 31.7-2018 | 21.4.2018 | - | |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. | തീയതി |
|---|---|---|---|
| 2017-18 | 20.06.2018 - 21.06.2018 - | നെ.കെ.എസ്.എ-ഐ.ഡി.കെ-3/677/2018(1) | 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13752048 |
| വരവ് | 76102868 |
| ആകെ | 89854916 |
| ചെലവ് | 74242780 |
| നീക്കിയിരിപ്പ് | 15612136 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18769000 | 18769000 | 18613325 | 155675 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3264006 | 3264006 | 2556087 | 707919 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0<br>0 | 3648517 | 3648517 | 2908517 | 740000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11693000 | 11693000 | 11692582 | 418 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4044000 | 4044000 | 4031553 | 12447 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8815364 | 8815364 | 8066965 | 748399 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 334439 | 334439 | 259439 | 75000 |
| സാക്ഷരത | | 6265 | 8951 | 15216 | 8700 | 6516 |
| എം.ജി.എൻ.ആർ. ഇ. ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 35779269 | 35779269 | 35779269 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 178187 | 1625028 | 1803215 | 1802990 | 225 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടോട്ടൽ സാനിറ്റേഷൻ | | 0 | 1458000 | 1458000 | 1458000 | 0 |
| ഐ.സി.ഡി.എസ് | | 851036 | 719407 | 1570443 | 662259 | 908184 |
| ആധാർ ഇൻസന്റീവ് | | 36 | 0 | 36 | 0 | 36 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ | | 0 | 149000 | 149000 | 104550 | 44450 |
| വാട്ടർ കിയോസ്ക് | | 0 | 38000 | 38000 | 38000 | 0 |
| എം പി /എം.എൽ.എഫണ്ട് | | 0 | 736176 | 736176 | 736176 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗ വികസനം | | 66941 | 1000000 | 1066941 | 0 | 1066941 |
| വിമുക്തി | | 1880 | 0 | 1880 | 1880 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3020930 | 3020930 | 810443 | 2210487 |
| | ജില്ലാ പഞ്ചായത്ത് | 332500 | 700000 | 10325000 | 813892 | 218608 |
| ബി ഫണ്ട് | | 0 | 37250061 | 37250061 | 37250061 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 83210000 | 83210000 | 83210000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്+ ക്യാഷ് | 9744852 | 6644061 | 16388913 | 6149809 | 10239104 |
| | ട്രഷറി അക്കൗണ്ട് | 2020780 | 0 | 2020780 | 1623839 | 396941 |
| മറ്റിനം (ഗുണഭോക്തൃ വിഹിതം, ഡെപ്പോസിറ്റ്) | | 549571 | 990640 | 1540211 | 1019567 | 520644 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരണ നിരക്ക് |
|---|---|---|---|---|---|---|
| 200 | 80294586 | 159 | 54029130 | 6 | 35 | 79.50% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 178187 | 1625028 | 1803215 | 1802990 | 225 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35779269 | 35779269 | 35779269 | 0 |
| ആകെ | 178187 | 37404297 | 37582484 | 37582259 | 225 |

## 1-8 ക്ഷേമ പദ്ധതികൾ

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 6 | 3600 |
| കർഷക തൊഴിലാളി പെൻഷൻ | 136 | 1560000 |
| വിധവാ പെൻഷൻ | 734 | 8819700 |
| വാര്‍ദ്ധ്യക്യകാല പെൻഷൻ | 1798 | 23603800 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 13 | 120500 |
| വികലാംഗ പെൻഷൻ | 245 | 2959400 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 6(4) വകുപ്പ് പ്രകാരം ക്യാഷ് ബാലൻസ് പരിശോധന 04/07/2018ൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3878/-യുടെ നീക്കിയിരിപ്പ് കൃത്യമാണെന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമായി നടപ്പാകുന്നുണ്ട്. ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവനം ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പദ്ധതി ആസൂത്രണത്തിന് മേൽനോട്ടം വഹിക്കേണ്ട വിവിധ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. 09/01/2017ലെ ജി.ഒ(എം.എസ്)10/17 തദവ അനുസരിച്ച് രൂപീകരിക്കേണ്ട ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

വിവിധ മേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സഹായകരമായ തലത്തിലേക്ക് ഉയർന്നിട്ടില്ല .

സ്ഥിരം സമിതികളുടെ പ്രവർത്തനവും വേണ്ടത്ര ഫലപ്രദമായിരുന്നില്ല. ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെ നാലു സ്റ്റാന്റിംഗ് കമ്മറ്റികളും രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികൾ സമർപ്പിച്ചിട്ടില്ല.

പഞ്ചായത്തിൽ മുപ്പത് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ട്. എന്നാൽ ഇതിൽ പത്തൊമ്പതെണ്ണം മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.രണ്ടെണ്ണം മുൻവർഷം വയറിംഗ്

ജോലികൾ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വൈദ്യുതി ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. അതുപോലെ പതിനാറ് അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ളം, ചുറ്റുമതിൽ എന്നിവ ഇല്ല. അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുവാൻ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം, പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം, പട്ടികവർഗ്ഗ വീടുകൾക്ക് വയറിംഗ് സബ്സിഡി എന്നീ പദ്ധതികൾ ഗുണഭോക്താക്കളെ കിട്ടാതെ ഉപേക്ഷിക്കേണ്ടി വന്നത് പ്രോജക്ട് രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾക്കും ഉദാഹരണമാണ്. ഇവ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ജാഗ്രതാ സമിതി, ആശ്രയ ,ബാലസഭ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ്ഗ്രൂപ്പുകളും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.2018 | 05/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.02 2016 | 2010-2011 മുതൽ 2014-2015 വരെ | 24.03.2016 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) വസ്തുനികുതി ഡിമാന്റ്, പിരിവ് എന്നിവ സഞ്ചയ-സാംഖ്യ എന്നിവയിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സഞ്ചയ | സാംഖ്യ |
|---|---|---|
| കുടിശിക ഡിമാന്റ് | 2291342 | 2388409 |
| കുടിശിക വരവ് | 1799603 | 1807331 |
| തൻവർഷ വരവ് | 2658016 | 2684693 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല

അസിസ്റ്റന്റ് എൻജിനീയർ പരിപാലിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി 2017-18 വർഷം സെക്യൂരിറ്റി നിക്ഷേപമായി ₹1178100/-യുടെ സ്ഥിരനിക്ഷേപ രസീതുകൾ അസി.എൻജിനീർ കൈവശം വച്ചിരിക്കുന്നു. എന്നാൽ ഈ തുക ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ കൈവശമുള്ള സെക്യൂരിറ്റി നിക്ഷേപത്തിന്റെ പൂർണ്ണമായ കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 നികുതി പിരിവിൽ ഗണ്യമായ പുരോഗതി

2017-18 വർഷത്തിൽ വസ്തു നികുതി ഒഴികെയുള്ള എല്ലാ ഇനങ്ങളിലും 100% പിരിവ് എന്ന നേട്ടം ഗ്രാമപഞ്ചായത്ത് കൈവരിച്ചിട്ടുണ്ട്. പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ യോഗങ്ങളിലും വിലയിരുത്തുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ 85.67% നികുതി പിരിച്ചെടുത്തിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ അവശേഷിക്കുന്ന 14.33% കുടിശ്ശിക പിരിച്ചെടുത്ത് 100 ശതമാനം പിരിവ് എന്ന നേട്ടത്തിലേയ്ക്കെത്തുന്നതിന് പരിശ്രമിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ചർച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭിച്ചില്ല.

ആയുർവ്വേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി നടപ്പുവർഷം 900000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം,പേര് | ബിൽ നം,തുക | ഇൻവോയ്സ് നം | തുക |
|---|---|---|---|
| 34/17-18-മുരിക്കാട്ടുകുടി ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 1/17-18 തി.27/9/17. 200000 | 90034332<br>90057124<br>90059328<br>90061176 | 33893<br>29185<br>107878<br>15036 |
| | | ആകെ | 185992 |

| | | | |
|---|---|---|---|
| | | | (-14008) |
| 35/17-18-ആയുർവ്വേദാശുപത്രികൾക്ക് മരുന്ന് വാങ്ങൽ | 2/27/9/17തി<br>27/9/17-250000 | 90046494<br>90057127<br>90058490<br>90060822<br>90065584 | 116658<br>31071<br>83780<br>12894<br>1111 |
| | | ആകെ | 245514<br>(-4486) |
| 35/17-18-ആയുർവ്വേദാശുപത്രികൾക്ക് മരുന്ന് വാങ്ങൽ | 4/30/10/17- 450000 | 90040007<br>90047324<br>90057132<br>90058831<br>90061634<br>90065916 | 116115<br>39168<br>46788<br>145577<br>40012<br>11386 |
| | | ആകെ | 399046<br>(-50954) |

സാമ്പത്തികവർഷം ആയുർവ്വേദ മരുന്നുകൾക്കുവേണ്ടി 900000/-രൂപ ചെലവഴിച്ചതിൽ 69448/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. മരുന്നുകൾ യഥാസമയം ലഭിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥരും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കുവാൻ കാലതാമസമുണ്ടാകുന്ന പക്ഷം ത.സ്വ.ഭ.വകുപ്പിന്റെ 16.12.2017ലെ ഡി-എ1/840/2017 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് മരുന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല

പി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി നടപ്പുവർഷം വിവിധ പദ്ധതികളിലായി ₹812832/-കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം,പേര് | ഫണ്ട് | ബിൽനം/ചെക്ക് നം&തീയതി | തുക |
|---|---|---|---|
| 101/18, പാലിയേറ്റീവ് കെയർ | വികസന ഫണ്ട് | ബിൽ നം.13/15.3.18 | ₹112832/- |
| 101/8,പാലിയേറ്റീവ് കെയർ | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | ചെക്ക് നം. 1620678/14.3.18 | ₹200000/- |
| 104/18,പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ | വികസന ഫണ്ട് | ബിൽ നം.12/14.3.18 | ₹500000/- |
| | | ആകെ | ₹812832/- |

പി.എച്ച്.സി.യിലെ അതിരൂക്ഷമായ മരുന്നു ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ 22/2/17 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല.അടിയന്തിര സാഹചര്യങ്ങളിൽ മരുന്ന് വാങ്ങുന്നതിന് 14.02.2018ലെ സ.ഉ.(കൈ.)22/2018/ ത.സ്വ.ഭ.വ.മാർഗ്ഗരേഖയിലെ 7.5.4ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ₹812832/-യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയ്ക്ക് വ്യക്തതയില്ല.

കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് അസി.എൻജിനീയറുടെ പേരിലുള്ള കട്ടപ്പന എസ്.ബി.ഐ.യിലെ 36550209431 നമ്പർ കറന്റ് അക്കൗണ്ടിൽ 31.3.18 ൽ ₹88196 നീക്കിയിരിപ്പുണ്ട്. എന്നാൽ ടി അക്കൗണ്ടിൽ യഥാർത്ഥത്തിൽ ഉണ്ടാകേണ്ടിയിരുന്നത് ₹32470/- മാത്രമാണ്. 2017-18 വർഷം നിർവ്വഹണത്തിനായി അക്കൗണ്ടിൽ തുക നിക്ഷേപിച്ചിരുന്നതിന് പുറമേ ട്രഷറിയിൽ നിന്നും അധികമായി ₹55726/- അക്കൗണ്ടിൽ വന്നതാണ് ഈ വ്യതിയാനത്തിന് കാരണം എന്ന് അസിസ്റ്റന്റ് എൻജിനീയർ വിശദീകരണം നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതിയിലും നീക്കിയിരിപ്പിൽ ടി തുക കൂടുതൽ നിലനിൽക്കുന്നുണ്ട്. സാമ്പത്തിക വർഷം അവസാനിച്ച്, ഓഡിറ്റ് തീയതി വരെയും നീക്കിയിരിപ്പിലുള്ള വ്യതിയാനം ക്രമീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. നീക്കിയിരിപ്പ് തുക ക്രമീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 നിർവ്വഹണ യോഗ്യത പരിശോധിക്കാതെ പദ്ധതികൾ ഏറ്റെടുക്കുന്നു.

പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. 2017-18 വർഷം പദ്ധതി ആസൂത്രണത്തിനായി 22.02.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ

ഓവർസിയർ ഉൾപ്പെടെ രണ്ട് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്. യോഗത്തിൽ പദ്ധതി നിർദ്ദേശങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിൽ ഓരോ പദ്ധതികളും നിർവ്വഹണ യോഗ്യമാണോയെന്ന പരിശോധന വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റികളും നടത്തുന്നില്ലാത്തതിനാൽ ഏറ്റെടുക്കുന്ന പല പദ്ധതികളും നിർവ്വഹണ ഘട്ടത്തിൽ ഉപേക്ഷിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നു. 2017-18 വർഷം നിർവ്വഹണം നടത്താൻ കഴിയാതെ 10 പൊതുമരാമത്ത് പദ്ധതികൾ ഉപേക്ഷിക്കുകയും നിരവധി പദ്ധതികൾ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിൽ ഉപേക്ഷിക്കേണ്ടിവന്ന പദ്ധതിക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. /പേര് | S0078/18, ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ ലേഡീസ് ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണം |
| അടങ്കൽ | 250000/- (വികസനം ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |
| കൺവീനർ | ജോസഫ് ജോസഫ് |
| കരാർ നം./ തീയതി | 112/AE/LSGD/KNCR/ 27.03.2017 |

ഗ്രാമ പഞ്ചായത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ബോഡിയുടെ നിർദ്ദേശാനുസരണം കോമ്പൗണ്ടിൽ രണ്ട് ലേഡീസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മിക്കുന്നതിന് 2016-17 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. 2017-18 ൽ സ്പിൽ ഓവർ പദ്ധതിയായി നിലനിർത്തി, നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ, ടോയ് ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥലം വിട്ടുകൊടുക്കുവാൻ കഴിഞ്ഞില്ല. ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കുവാൻ കഴിയാതെ പദ്ധതി ഉപേക്ഷിച്ചു. ഇത് പദ്ധതി ആസൂത്രണ ഘട്ടത്തിൽ ഉണ്ടായ വീഴ്ചയായി കാണേണ്ടതാണ്. പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയിൽ പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ചചെയ്യേണ്ടതും നിർവ്വഹണത്തിൽ കൃത്യമായ മോണിട്ടറിംഗ് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് സ്കീം | 229/2010തസ്വഭവ തീ. 21.1.2010 | 17800000 | 5020000 | 1802500 | 424950 | 3217500 |
| ജവഹർ ഹൗസിംഗ് സ്കീം | 267/ഡി.ബി1/15 തസ്വഭവ തീ. 28.9.15 | 10000000 | 8600000 | 1000000 | 395206 | 7600000 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹10,625/-യുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 1999-2000 | 64 | 880 | ജി.വിജയൻ,ജെ.എസ് | 117200101792/17.11.2017 |
| 2002-2003 | 4-9 | 9745 | പി.ടി.ഷൈലജ, സെക്രട്ടറി | 117200101253/16.09.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-15 | 2006-2007 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഫയലുകൾ ഹാജരാക്കി |
| 2003-04 | 3-1 | 2006-07 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-2 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54536/- നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |

## 4-8 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

| വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | സർട്ടിഫിക്കറ്റ് നം | തുക | ഒടുക്കിയ തുക | ഒടുക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1997-98 | 28,30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.16782Spl.Cell/CSC/ C1/2001 dated.16.9.2002 | 8635 | 0 | 8635 |
| 1998-99 | 29,31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.6678Spl.Cell/CSC/ C1/2002 dated.20..01.2003 | 32190 | | 32190 |
| 1999-00 | 31,34,37,41, 46,48,49, 51,52,57, 58,59,62,64 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.15624Spl.Cell/CSC/ C1/2002dated 28.3..2003 | 57383 | | 57383 |
| 1999-00 | 32 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.15624Spl.Cell/CSC/ C1/2002dated 28.3..2003 | 3096 | | 3096 |
| 1999-00 | 33 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.15624Spl.Cell/CSC/ C1/2002dated 28.3..2003 | 2523 | | 2523 |
| 1999-00 | 63 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.15624Spl.Cell/CSC/C1/2002 dated 28.3..2003 | 1253.5 | | 1253.5 |
| 2000-01 | 23 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.4.2007 Certificate | 3300 | | 3300 |
| 2000-01 | 27 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി-₹17830, PA Annamma-1240/- | LF.14813/SplCell/SC2/2005/ 25.9.2006 Certificate (TK George-17830/-) LF.14813/SplCell/ SC2/2005/ 25.4.2007 Certificate (PA Annamma-1240/-) | 19070 | | 19070 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2000-01 | 29 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.9.2006 | 2800 | | 2800 |
| 2000-01 | 30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.9.2006 Certificate (TK George- 17830/-) LF.14813/SplCell/SC2/2005/ 25.4.2007 Certificate (PA Annamma-1240/-) | 600 | | 600 |
| 2000-01 | 31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.9.2006 | 1400 | | 1400 |
| 2000-01 | 42(2) | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.9.2006 | 1000 | | 1000 |
| 2000-01 | 43 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി | LF.14813/SplCell/SC2/2005/ 25.9.2006 | 2287 | | 2287 |
| 2001-02 | 2-3 | PA Annamma- 1240/-സെക്രട്ടറി | എൽ.എഫ്. 16704/സ്പെ.സെൽ/ എസ്.സി.സി2/2005/09.05.2007 | 6924 | | 6924 |
| 2004-05 | 3-5 | | എൽ.എഫ്. 17292/സ്പെ.സെൽ/ എസ്.സി.2/2008/11.05.2010 സർചാർജ്ജ് സർട്ടിഫിക്കറ്റ് | 11000 | 11000 | |

| | | | | | | |
|---|---|---|---|---|---|---|
| 2005-06 | 3-5 | മുഹമ്മദ്കുഞ്ഞ് | എൽ.എഫ്. 20893/സ്പെ.സെൽ/ എസ്.സി.2/2008 (1)/11.06.2009 എൽ.എഫ്. 20893/സ്പെ.സെൽ/ എസ്.സി.2/2008 (2)/11.06.2009 | 8301 | 8301 | 8301 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 76102868 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 74242780 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നമ്പർ) |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | കെ എസ് എ-ഐ.ഡി.കെ-9/714/ 2018<br>തീയതി 25.5.2018 | 1 | 21(2) |
| 1998-99 | കെ എസ് എ.ഐ ഡി കെ-9/714/2018<br>തീയതി 25.5.2018 | 2 | 29,31 |
| 1999-00 | കെ എസ് എ.ഐ ഡി കെ-9/714/ 2018<br>തീയതി 25.5.2018 | 20 | 21(1),22,23(1),<br>31,32,33,34,<br>37,41,46,<br>48,49,51,52,57,<br>58,59,62,63,64 |
| 2000-01 | കെ എസ് എ.ഐ ഡി കെ-9/714/ 2018<br>തീയതി 25.5.2018 | 8 | 23,26,27,29,<br>30,31,42(2),43 |
| 2001-02 | കെ എസ് എ.ഐ ഡി കെ-9/714/2018<br>തീയതി 25.5.2018 | 2 | 2-2,2-3 |
| 2002-03 | കെ എസ് എ.ഐ ഡി കെ-9/714/2018<br>തീയതി 25.5.2018 | 2 | 3-1,3-15 |
| 2003-04 | കെ എസ് എ.ഐ ഡി കെ-9/714/2018<br>തീയതി 25.5.2018 | 4 | 3-1,3-2,3-3,3-5 |
| 2004-05 | കെ എസ് എ.ഐ ഡി കെ-9/714/2018<br>തീയതി 25.5.2018 | 1 | 3-6 |
| 2006-07 | എൽ.എഫ്.ഐ-08/539/2008/ 03.11.2008 | 11 | 2-1, 2-2, 2-4,<br>3-2, 3-4,<br>3-6, 3-7, 3-8, 3-9,<br>3-11, 4-3 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/ 08.07.2010 | 8 | 3-2, 3-4, 3-9,<br>3-10,<br>3-11, 4-3, 4-5,<br>4-6, |
| 2009-10 | എൽ.എഫ്.ഐ-09/976/2011/ 30.05.2012 | 5 | 3-6, 3-7, 3-9, 4-3 |
| 2010-11 | എൽ.എഫ്.ഐ-09/129/2013/ 04.10.2013 | 2 | 2-1, 3-4 |
| 2011-12 | എൽ.എഫ്.ഐ-09/1384/ 2013/ 11.07.2014 | 6 | 2-2, 3-1, 3-3,<br>3-4, 3-5, 4-1 |
| 2012-13 | എൽ.എഫ്.ഐ-09/1327/2014/ 15.12.2014 | 3 | 3-1, 3-2, 3-4 |
| 2013-14 | എൽ.എഫ്.ഐ-09/950/2015/ 12.08.2015 | 6 | 2-1, 2-2, 3-1,<br>3-2, 3-3, 3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90/ 5.3.16 | 6 | 2-1, 3-1, 3-3, |

| | | | |
|---|---|---|---|
| | | | 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/ 1332/ 19.09.2016 | 9 | 2-1, 2-2(ബി), 2-3, 3-1, 3-3, 3-4, 3-5, 3-6, 3-7(2) |
| 2016-17 | കെ എസ് എ.ഐ ഡി കെ9/1312/ 2017 തീയതി 27.8.2017 | 6 | 1-12, 2-1, 2-2, 3-1, 3-5, 3-6 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.ഐ.ഡി.കെ-9 /934 /2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 26.09.2018
Ph:04862-227332

E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി.